# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 280 — 12/12/2014 ലെ മറുപടിക്ക്

## ഹോർട്ടികോർപ്പിന്റെ ആഭിമുഖ്യത്തിൽ പച്ചക്കറി സംഭരണം

**ചോദ്യം**

ശ്രീ. ജെയിംസ് മാത്യു
ശ്രീ.പി.കെ. ഗുരുദാസൻ
ശ്രീ. വി.ശിവൻകുട്ടി
ശ്രീ. എം.ചന്ദ്രൻ

**മറുപടി**

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) ഹോർട്ടി കോർപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ വിവിധ പച്ചക്കറി ഉല്പാദന കേന്ദ്രങ്ങളിൽനിന്നും പച്ചക്കറി ശേഖരിക്കാറുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

എ) ഹോർട്ടികോർപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ വിവിധ പച്ചക്കറി ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും പച്ചക്കറി ശേഖരിക്കാറുണ്ട്. സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ, സംഘമൈത്രി, കാർഷികമൊത്ത വ്യാപാരവിപണികൾ, വട്ടവട, കാന്തല്ലൂർ കർഷക സൊസൈറ്റികൾ എന്നിവിടങ്ങളിൽ നിന്നെല്ലാം ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിക്കുന്നു.

ബി) ഏതെല്ലാം ഇനം പച്ചക്കറികളാണ് സംസ്ഥാനത്തിനുള്ളിൽ നിന്നും ശേഖരിക്കാറുള്ളതെന്ന് അറിയിക്കാമോ;

ബി) സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറി ഇനങ്ങളായ വെള്ളരി, വെണ്ട, ചീര, പയർ, പാവയ്ക്ക, തടിയൻ, വഴുതന, കുമ്പളം, കോവയ്ക്ക, മത്തൻ, വാഴക്കുമ്പ്, ഇഞ്ചി, പടവലം, ചുരയ്ക്ക, തക്കാളി കിഴങ്ങുവർഗ്ഗങ്ങളായ ചേന, കാച്ചിൽ, ചേമ്പ്, മരച്ചീനി മുതലായവയും വിവിധ ഇനം വാഴക്കുലകളായ ഏത്തൻ, രസകദളി, കപ്പ, റോബസ്റ്റ തുടങ്ങിയവയും വട്ടവട, കാന്തല്ലൂർ എന്നിവിടങ്ങളിൽ നിന്നും ക്യാരറ്റ്, ക്യാബേജ്, ബീൻസ്, ഉരുളക്കിഴങ്ങ് എന്നിവയും ഹോർട്ടികോർപ്പ് സംഭരിക്കുന്നുണ്ട്.

സി) ഹോർട്ടികോർപ്പ് സംസ്ഥാനത്തിനുള്ളിൽ നിന്നും പച്ചക്കറി സംഭരിക്കുമ്പോഴും സംസ്ഥാനത്തെ പച്ചക്കറി കർഷകർ അവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തതിനാലും സംഭരണ പാളിച്ചകൾ കാരണവും പച്ചക്കറികൾ കുഴിച്ചുമൂടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കാമോ?

സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ കർഷകർക്ക് ന്യായവില നൽകിയാണ് ഹോർട്ടികോർപ്പ് സംഭരിക്കുന്നത്.

സെക്ഷൻ ഓഫീസർ